(ഡി) ഒഴിവുകൾ ഇല്ലായിരുന്നു.

(ഇ)	1984–85	5 ഒഴിവുകൾ
	1985–86	2 ഒഴിവുകൾ
	പുതുതായി അനുവദിച്ചത്	3
	നിറുത്തലാക്കിയത്	1
	ഫലത്തിൽ	2

(എഫ്) ഒഴിഞ്ഞു കിടന്നിരുന്നു.

ലോവർ ഗ്രേഡ് സംസ്കൃതം (ഫുൾടൈം)	5
ലോവർ ഗ്രേഡ് സംസ്കൃതം (പാർട്ട് ടൈം)	4

(ജി) ഒഴിഞ്ഞു കിടന്നിരുന്ന മുകളിൽ പറയുന്ന 5 ലോവർ ഗ്രേഡ് ഫുൾടൈം തസ്തികയിലേക്ക് സൂപ്പർ ന്യൂമററി തസ്തികയിൽ തുടരുന്ന 8 അദ്ധ്യാപകരിൽ 5 പേരെ അബ്സോർബു ചെയ്തു. പാർട്ട്ടൈം തസ്തികയിലേക്ക് നിയമനത്തിനുവേണ്ടി പി.എസ്.സി.യിലേക്ക് എഴുതി. നിലവിൽ ലിസ്റ്റ് ഇല്ലായെന്ന് പി.എസ്.സി. അറിയിച്ചു.

(എച്ച്) നിലവിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിൽക്കുന്ന അദ്ധ്യാപകരെ അബ്സോർബു ചെയ്തു കഴിഞ്ഞ് ഇക്കൊല്ലം തസ്തിക നഷ്ടപ്പെട്ട് സർക്കാർ സ്കൂളുകളിൽ അധികമായി നിൽക്കുന്ന അദ്ധ്യാപകരെ നിലനിർത്തിയതിനു ശേഷവും ബാക്കി വരുന്ന തസ്തികകളിൽ നിലവിലുള്ള റാങ്കു ലിസ്റ്റിൽനിന്നും നിയമനം നടത്താവുന്നതാണ്.

മലബാർ പ്രദേശത്തു ജോലി നോക്കുന്ന അദ്ധ്യാപകരുടെ സ്ഥലം മാറ്റം

424 [771] ശ്രീ. കെ.റ്റി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി., യു.പി. സ്കൂൾ വിഭാഗത്തിൽ മലബാർ പ്രദേശത്തു ജോലി നോക്കുന്ന എത്ര അദ്ധ്യാപകർക്ക് ഈ വർഷം തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്;

(ബി) സ്ഥലം മാറ്റം കിട്ടിയവർക്ക് ഏറ്റവും കുറഞ്ഞത് എത്ര കൊല്ലം മലബാർ സർവ്വീസാണുള്ളത്.;

(സി) ഇതിൽ ഹരിജൻ വിഭാഗത്തിലുള്ള എത്ര പേരുണ്ട്;

(ഡി) ഹരിജൻ വിഭാഗത്തിലുള്ളവർക്ക് അവരുടെ സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകണമെന്നുള്ള ഗവൺമെന്റ് ഓർഡർ നിലവിലുണ്ടോ; എങ്കിൽ അതനുസരിച്ച് സ്ഥലം മാറ്റം നൽകാതിരുന്നിട്ടുണ്ടോ;

(ഇ) പ്രസ്തുത വിഭാഗത്തിൽ പെട്ട അപേക്ഷകർക്ക് സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകുവാൻ സത്വര നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 47

(ബി) 29–9–1972 വരെ സർവ്വീസിൽ പ്രവേശിച്ചവർക്ക് സീനിയോരിറ്റി ക്രമത്തിൽ സ്ഥലംമാറ്റം കൊടുത്തിട്ടുണ്ട്.

(സി) 9.

(ഡി) ഉണ്ട്. ആ ഉത്തരവിൻ പ്രകാരം നടപടി എടുക്കാത്ത കേസുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

(ഇ) പരാതികൾ കിട്ടുകയാണെങ്കിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

தமிழ் ஆசிரியர்கள் நியமனம்

(Appointment of Tamil Teachers)

772. ஸ்ரீ. ஜி. வரதன் : கீழ் காணும் வினாக்களுக்கு கல்வி மந்திரி தயை கூர்ந்து விடை நல்குவாரா :

(எ) திருவனந்தபுரம் காட்டன்ஹில் பெண்கள் பள்ளியில் 5, 6, 7 வகுப்புகளுக்கு இதுவரையில் தமிழ் அசிரியர்கள் நியமிக்கப்படாமல் இருப்பது அரசின் கவனத்திற்கு வந்துள்ளதா ;

(பி) ஆமெனில் உடனடி தமிழாசிரியரை நியமிக்க அரசு நடவடிக்கை எடுக்குமா ;

(சி) நமது மாநிலத்தில் காலியாக இருக்கும் தமிழாசிரியர்களின் இடங்களின் எண்ணிக்கை மாவட்ட அடிப்படையில் கூறலாமா ;

(டி) மேற்படி காலி இடங்களை நிரப்புவதற்கு அரசு உடனடி நடவடிக்கைகள் எடுக்குமா ?

ഉത്തരം

(എ) തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂളിലുള്ള 5, 6, 7 ക്ലാസുകളിൽ തമിഴ് പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിലുള്ള കുറവു കാരണം തസ്തിക അനുവദിക്കാത്തതുകൊണ്ടാണ് തമിഴ് പഠിപ്പിക്കാൻ അദ്ധ്യാപകരെ നിയമിക്കാത്തത്

(ബി) ചട്ടപ്രകാരം വേണ്ട കുട്ടികൾ ഇല്ലാത്തതിനാൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി എടുക്കാൻ നിയമം അനുവദിക്കുന്നില്ല.

(സി) തിരുവനന്തപുരം 2
ഇടുക്കി 42
പാലക്കാട് 17
പത്തനംതിട്ട 2

(ഡി) നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly